**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **12-02-2025 - ൽ മറുപടിയ്ക്ക്**

**2009-ലെ വിദ്യാഭ്യാസ അവകാശ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ടോയെന്നും പ്രസ്തുത വിജ്ഞാപനം സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ എങ്ങനെയാണ് ബാധിക്കുകയെന്നും വിശദമാക്കാമോ; | (എ) | 2024 ഡിസംബർ 16-ന് കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഒരു ഗസറ്റ് വിജ്ഞാപനത്തിലൂടെ Right to Education (RTE) Act, 2009 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി പ്രകാരം പ്രധാനമായ മാറ്റം വരുത്തിയത് 5-ാം ക്ലാസ്, 8-ാം ക്ലാസ് വിദ്യാർത്ഥികളുടെ പരീക്ഷാരീതിയിലും ക്ലാസ്സ് കയറ്റം (Promotion) സംബന്ധിച്ച വിഷയങ്ങളിലുമാണ്. നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസ നിയമം (ഭേദഗതി), 2024 (Right of Children to Free and Compulsory Education (Amendment) Rules, 2024) എന്ന പേരിലുള്ള ഈ ഭേദഗതി ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ നിയമം നിലവിൽ വന്നതിലൂടെ ഉണ്ടായ പ്രധാന മാറ്റങ്ങൾ ചുവടെ പറയുന്നവയാണ്:<br><br>1. 5-ാം ക്ലാസ്സിലും 8-ാം ക്ലാസ്സിലും വാർഷിക പരീക്ഷ നിർബന്ധം.<br><br>2. പ്രൊമോഷൻ മാനദണ്ഡങ്ങൾ പാലിക്കാത്ത വിദ്യാർത്ഥികൾക്ക് പുന:പരീക്ഷ.<br><br>3. പുന:പരീക്ഷയിൽ വീണ്ടും പരാജയം സംഭവിച്ചാൽ വീണ്ടും അതേ ക്ലാസിൽ കുട്ടി പഠനം തുടരണം. |
| (ബി) | പ്രസ്തുത വിജ്ഞാപന പ്രകാരം നിശ്ചിത പഠനശേഷി ആർജ്ജിക്കാത്ത വിദ്യാർത്ഥികളെ തോൽപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട്. ഭേദഗതിയിലെ മൂന്നാം വ്യവസ്ഥ പ്രകാരം പുന:പരീക്ഷയിൽ കുട്ടികൾ തോറ്റാൽ അഞ്ചാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും വീണ്ടും പഠിക്കേണ്ടി വരും. |
| (സി) | മേൽപ്പറഞ്ഞ വിജ്ഞാപനം പൊതുവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കാനായി കുട്ടികളുടെ പഠനശേഷി | (സി) | മേൽപ്പറഞ്ഞ നിയമഭേദഗതി കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കരുതുന്നില്ല. പൊതുവിദ്യാലയങ്ങളിലെ പഠന പിന്നാക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി |

| | | |
|---|---|---|
| | വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | അത് പരിഹരിക്കുന്നതിനുള്ള സൃഷ്ടിപരമായ ഇടപെടലുകൾ സംസ്ഥാന സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഈ അദ്ധ്യയനവർഷം അർദ്ധവാർഷിക മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഒന്നു മുതൽ ഒൻപത് വരെയുള്ള ക്ലാസ്സുകളിൽ പഠന പിന്തുണ പരിപാടി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി അർദ്ധവാർഷിക പരീക്ഷയിൽ ഓരോ വിദ്യാർത്ഥിക്കും ലഭിച്ച വിവിധ വിഷയങ്ങളിലെ മാർക്ക് "സമ്പൂർണ്ണ പ്ലസ്സി"ൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. പരീക്ഷയിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ അതാത് ക്ലാസ്സ് ടീച്ചർമാർ കണ്ടെത്തുകയും ഈ ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികളുടെ ഓരോ വിഷയത്തിലുമുള്ള കഴിവുകളും പരിമിതികളും കണ്ടെത്തി (ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ എഴുതിയത്) ക്ലാസ്സ് ടീച്ചർമാർ സൂക്ഷിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രധാന പഠന പ്രശ്നങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി രേഖപ്പെടുത്തിയത് അർദ്ധവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകളും നിരന്തര വിലയിരുത്തൽ രേഖകളും പ്രയോജനപ്പെടുത്തിക്കൊണ്ടാണ്. ഇവ വിശകലനം ചെയ്ത് കുട്ടിയുടെ പഠനനില മനസ്സിലാക്കി ഇതിന്റെ ഭാഗമായി പ്രഥമാധ്യാപകന്റെ നേതൃത്വത്തിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗങ്ങൾ ചേരുകയും ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പഠന പ്രയാസങ്ങളെ പൊതുവായി ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ടെത്തിയ പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ പഠനപിന്തുണാ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ജനുവരി ആദ്യവാരത്തിൽ പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി ഓരോ വിഷയത്തിലും അധ്യാപകർ പിന്തുണ നൽകിയിട്ടുണ്ട്. കുട്ടികൾക്ക് പ്രയാസം നേരിട്ടിട്ടുള്ള പഠനമേഖലകൾ പ്രത്യേകമായി കണ്ടെത്തി അവയെ ആധാരമാക്കിയാണ് ക്ലാസ്സുകൾ നടന്നത്. പഠനപിന്തുണ പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിന് വേണ്ടി വിദ്യാഭ്യാസ ഉദ്യോഗസ്ഥർ സ്കൂൾ പരിശോധനകൾ നടത്തിയിട്ടുണ്ട്. പഠനപുരോഗതി പ്രഥമാധ്യാപകർ നിരീക്ഷിച്ച് എല്ലാ കുട്ടികളും പഠനനിലവാരം നേടിയെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ പഠനപുരോഗതിയുടെ നേർക്കാഴ്ചകൾ രക്ഷിതാക്കളുടെ മുന്നിൽ അവതരിപ്പിക്കുന്നതിനും കുട്ടികളുടെയും രക്ഷിതാക്കളുടെയും അഭിപ്രായം വിശകലനം ചെയ്ത് പഠനപിന്തുണാ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളുടെ വിലയിരുത്തൽ സ്കൂൾതല യോഗങ്ങളിൽ അവതരിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധങ്ങളായ നിരവധി പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ